6394/എഫ്/2015/കെ.എസ്സ്.എച്ച്.ഒ 17..12..2015

# സർക്കുലർ

വിഷയം :- എൻ.യു.എൽ.എം - ലിങ്കേജ് വായ്പ - ഇന്ററസ്റ്റ് സബ്സിഡി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഇ-മെയിൽ മുഖേന കാസർഗോഡ് നഗരസഭാ സെക്രട്ടറിയുടെ 2.12.2015 ലെ പിഎച്ച്3-16086/15 നമ്പർ കത്ത്.

ദേശീയ നഗര ഉപജീവന മിഷന്റെ പദ്ധതിരേഖയിലും നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളിലും സ്വയംസഹായ സംഘങ്ങളുടെ ലിങ്കേജ് വായ്പയും പലിശ സബ്സിഡിയും അനുവദിക്കുന്നതിനെ സംബന്ധിച്ച് അധ്യായം 4 ൽ 4.12 ഉപഘടകം 3 ൽ പ്രതിപാദിച്ചിട്ടുണ്ട്. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി എസ്.എച്ച്.ജി.കളുടെ ബാങ്ക് വായ്പകൾക്ക് ബാങ്കുകളിലെ സമകാലീന വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസം പലിശ സബ്സിഡിയായി നഗരസഭകൾ നൽകേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തിൽ ഓരോ നഗരസഭയിലും ലിങ്കേജ് വായ്പയായി നൽകേണ്ട തുകയും വ്യക്തികളുടെ / സ്വയംസഹായ സംഘങ്ങളുടെ / അയൽക്കൂട്ടങ്ങളുടെ എണ്ണവും ഹൗസിംഗ് & അർബൻ പോവർട്ടി അലീവിയേഷൻ മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത ടാർഗറ്റ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയും മാർഗ്ഗനിർദ്ദേശ പ്രകാരം വായ്പ നൽകാൻ ബാങ്കുകൾ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എൻ.യു.എൽ.എം നടപ്പിലാക്കുന്ന പല നഗരസഭകളിലെയും സിഡിഎസ്സുകളുടെ 2014 ജനുവരി മുതലുള്ള ലിങ്കേജ് വായ്പകളുടെ അപേക്ഷകൾ ഇന്ററസ്റ്റ് സബ്സിഡിക്കായി ജില്ലാമിഷനുകളിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്ലാൻഫണ്ടിൽ നിന്നും തുക ലഭ്യമല്ലാത്തതിനാൽ അയൽക്കൂട്ടങ്ങൾക്ക് ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജില്ലാമിഷനുകളിൽ

ലഭ്യമായിട്ടുള്ള 2014 ജനുവരി മുതലുള്ള ലിങ്കേജ് വായ്പകളുടെ അപേക്ഷകൾ പരിശോധിച്ച് ആയത് നഗരസഭകൾക്ക് ലഭ്യമാക്കി, നഗരസഭ, ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ നഗര സിഡിഎസ്സുകളിലുള്ള അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ അനുവദിക്കുകയും വായ്പാ തിരിച്ചടവ് നടന്നുകൊണ്ടിരിക്കുന്നതും, സംസ്ഥാനമിഷനിൽ നിന്നും ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കാത്തതുമായ അപേക്ഷകൾ ഉണ്ടെങ്കിൽ അതും പരിഗണിക്കേണ്ടതാണ്. സബ്സിഡി തുക ത്രൈമാസ അടിസ്ഥാനത്തിൽ ആണ് കണക്കാക്കേണ്ടത്. ഇതിനായി കുടുംബശ്രീ-എൻയുഎൽഎം സിറ്റിമിഷൻ മാനേജർമാരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനുള്ള തുക എൻയുഎൽഎം സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം-ഇന്ററസ്റ്റ് സബ്സിഡി ഫോർ എസ്.എച്ച്.ജി-ബാങ്ക് ലിങ്കേജ് ലോൺ (3.3) എന്ന ഹെഡ്ഡിൽ നിന്നും വകയിരുത്തേണ്ടതാണ്.

പ്രസ്തുത നഗരസഭകളിൽ നിന്നും ലഭിക്കുന്ന പുതിയ അപേക്ഷകൾ എൻ.യു.എൽ.എം പദ്ധതിരേഖ അനുശാസിക്കുന്ന രീതിയിൽ നഗരസഭകൾ മുഖേന ഇന്ററസ്റ്റ് സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റുകൾ ത്രൈമാസാടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ(i/c)
കുടുംബശ്രീ

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്
എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും

കരുതൽ ശേഖരം
ബന്ധപ്പെട്ട ഫയൽ